"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം

നമ്പർ:ഇ7/14233/16 തീയതി:18/06/2016

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - മൈനർ വർക്സ് ശീർഷകത്തിൽ കെട്ടിട നവീകരണം/ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായി ഫണ്ട് അനുവദിക്കുന്നത്-സംബന്ധിച്ച്.

*********

2016-17 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ശീർഷകത്തിലെ ഘടക ശീർഷകമായ 'മൈനർ വർക്സ്' ശീർഷകത്തിൽ 2.5 കോടി രൂപയ്ക്ക് വിവിധ ഐ.ടി.ഐകളിലെ കെട്ടിടം/ക്ലാസ്സ്റൂം/വർക് ഷോപ്പ് നവീകരണം/ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓരോ വർക്കുകൾക്കും പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ താങ്കളുടെ സ്ഥാപനത്തിൽ ഒഴിച്ചു കൂടാൻ കഴിയാത്ത മേൽപ്പറഞ്ഞ ഏതെങ്കിലും വർക്കുകൾ ചെയ്തു തീർക്കുവാൻ ഉണ്ടെങ്കിൽ PWD/Kerala State Construction Corporation Ltd/Nirmithi Kendra/Kerala Police Housing & Construction Corporation തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികളിൽ എത്രയും വേഗം ജോലികൾ പൂർത്തീകരിക്കുമെന്നുറപ്പുള്ള സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് വാങ്ങി അയച്ചു തരേണ്ടതാണ്.

ടി എസ്റ്റിമേറ്റ് അയച്ചു തരുന്ന അവസരത്തിൽ 2013 മുതൽ താങ്കളുടെ സ്ഥാപനത്തിൽ സിവിൽ വർക്സ്/മൈനർ വർക്സ്/ മോഡണൈസേഷൻ എന്നീ ശീർഷകത്തിൽ തുക അനുവദിച്ചിരുന്നത് പ്രകാരമുള്ള ജോലികൾ പൂർണ്ണമായും ബന്ധപ്പെട്ട ഏജൻസി ചെയ്തു തീർത്തതിന്റെ 'യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്' ഉൾപ്പടെ താഴെപ്പറയുന്ന മാതൃക ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയാൽ മാത്രമേ പുതിയ നിർമ്മാണ പ്രവൃത്തികൾക്കായി വീണ്ടും ബന്ധപ്പെട്ട ഏജൻസികൾക്ക് തുക അനുവദിക്കുകയുള്ളൂ.

നിലവിൽ വിവിധ ഏജൻസികൾ നിരക്കുകൾ പുതുക്കിയിട്ടുള്ള തിനാൽ നേരത്തെ അയച്ചു തന്നിട്ടുള്ള ശുപാർശകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ആയതിനാൽ ടി സർക്കുലറിൽ നിർദ്ദേശിച്ചിരിക്കുന്നതു പ്രകാരം ഏറ്റവും പുതിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസിയിൽ നിന്നും ശേഖരിക്കേണ്ടതും, **നിർമ്മാണ പ്രവൃത്തിയുടെ സ്വഭാവവും (ആവശ്യമെങ്കിൽ**

**ട്രേഡിന്റെ പേര് ഉൾപ്പടെ)** തുകയും വ്യക്തമായി ആമുഖ കത്തിൽ **രേഖപ്പെടുത്തി** നിശ്ചിത മാതൃക ഫോറത്തിൽ ആവശ്യമായ മറുപടി ഉൾപ്പടെ മുൻഗണന നിശ്ചയിക്കുന്നതിനായി **15/07/2016ന്** മുൻപ് അയച്ച് തരേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാകാത്ത ശുപാർശകൾ 2016-17 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുന്നതല്ല.

താങ്കളുടെ സ്ഥാപനത്തിൽ നിലവിൽ സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിൽ ആയതിന്റെ വിശദ വിവരവും ഇല്ലായെങ്കിൽ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിലവിലെ അവസ്ഥയും താഴെപ്പറയുന്ന മാതൃക ഫോറത്തിൽ ലഭ്യമാക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്:**

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും/ആർ.ഐ.സെന്റർ
ബി.റ്റി.സി (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

ഡി.20/6/16

## മാതൃക ഫോറം (2016 മുതലുള്ള വർക്കുകളുടെ വിവരം)

**ഐ.ടി.ഐയുടെ പേര്:**

**ശീർഷകം:**

| ക്രമ നം. | വർക്കിന്റെ പേര് | തുക അനുവദിച്ച വർഷം | അനുവദിച്ച ഉത്തരവ് നം./തീയതി | എസ്റ്റിമേറ്റ് ലഭിച്ച ഏജൻസിയുടെ പേര് | തുക ഒടുക്കിയ തീയതി/ചെലാൻ നം | ജോലി എന്ന് പൂർത്തിയാക്കി നൽകാമെന്നാണ് കരാറിൽ രേഖപ്പെടുത്തിയിരുന്നത് | ജോലി പൂർത്തിയാക്കിയ തീയതി | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് | വർക്ക് പൂർത്തിയാക്കിയിട്ടില്ലായെങ്കിൽ തുക ഡെപ്പോസിറ്റ് ചെയ്തതിനു ശേഷം വർക്ക് പൂർത്തിയാക്കുവാൻ ഓരോ മാസവും സ്വീകരിച്ച നടപടികളുടെ/കത്തുകളുടെ ഡീറ്റെയിൽസ് | മറ്റ് വിവരങ്ങ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | | | | | | | | | | |

5

## മാതൃകാ ഫോറം II

| ക്രമ നം. | ഐ.ടി.ഐ യുടെ പേര് | വകുപ്പിൻെറ പേരിലുള്ള ആകെ സ്ഥലം (ഏക്കറിൽ) | സ്ഥലം ലഭ്യമല്ലായെങ്കിൽ സ്ഥലം ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടിയുടെ വിശദ വിവരം | മറ്റു വിശദ വിവരങ്ങൾ |
|---|---|---|---|---|
| | | | | |